ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE: 28.01.2026

## പ്രധാനവാർത്തകൾ

1. പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് രാഷ്ട്രപതി ദ്രൗപതി മുർമുവിൻറെ നയപ്രഖ്യാപന പ്രസംഗത്തോടെ തുടക്കമായി. കഴിഞ്ഞ 11 വർഷത്തിനിടയിൽ എല്ലാ മേഖലകളിലും ഇന്ത്യ മികവുറ്റ വളർച്ച കൈവരിച്ചതായി രാഷ്ട്രപതി.
2. രാജ്യത്ത് സാമൂഹിക നീതി ഉറപ്പാക്കാൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ രാഷ്ട്രപതി. പ്രഗതി സംരംഭം സുപ്രധാന നാഴികക്കല്ലാണെന്നും പരാമർശം.
3. മഹാരാഷ്ട്രയിലെ ബാരാമതിയിൽ ഉണ്ടായ വിമാനാപകടത്തിൽ മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി അജിത് പവാർ മരണമടഞ്ഞു. അനുശോചനം രേഖപ്പെടുത്തി രാഷ്ട്രപതി പ്രധാനമന്ത്രി ഉൾപ്പെടെ പ്രമുഖർ.
4. വിളപ്പിൽശാല ആശുപത്രിയിൽ ചികിത്സ കിട്ടാതെ രോഗി മരിച്ച സംഭവത്തിൽ പ്രതിപക്ഷത്തിന്റെ അടിയന്തര പ്രമേയത്തിന്മേൽ നിയമസഭയിൽ ചർച്ച ആരംഭിച്ചു.
5. സംസ്ഥാനത്തെ ചെറുപ്പക്കാർക്ക് സ്വന്തം നാട്ടിൽ തന്നെ ജോലി ലഭിക്കാൻ സഹായിക്കുന്ന ഗ്ലോബൽ സിറ്റി നിർമ്മിക്കാനുള്ള താത്പര്യ പത്രം ലോക സാമ്പത്തിക ഫോറത്തിൽ ഒപ്പു വച്ചതായി മന്ത്രി പി.രാജീവ് നിയമസഭയിൽ.

RNU TVPM

6. കോവളം, വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ച് കേന്ദ്രീകൃത ചരക്ക് ഗതാഗതത്തിന് രൂപം നൽകുന്നതിനുള്ള നടപടി പുരോഗമിക്കുന്നതായി മന്ത്രി വി.എൻ.വാസവൻ.

&&&&&&&&&&&&&

## പാർലമെന്റിന്റെ ബജറ്റ് സമ്മേളനം (INTRO)

പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് രാഷ്ട്രപതി ദ്രൗപതി മുർമുവിൻറെ നയപ്രഖ്യാപന പ്രസംഗത്തോടെ തുടക്കമായി. ഇരുസഭകളുടെയും സംയുക്ത സമ്മേളനത്തെ രാഷ്ട്രപതി അഭിസംബോധന ചെയ്തു. കഴിഞ്ഞ 11 വർഷത്തിനിടയിൽ എല്ലാ മേഖലകളിലും ഇന്ത്യ മികവുറ്റ വളർച്ച കൈവരിച്ചു. രാജ്യത്ത് സാമൂഹിക നീതി ഉറപ്പാക്കാൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് രാഷ്ട്രപതി പറഞ്ഞു. രാജ്യത്തെ 95 കോടിയോളം പൗരന്മാർക്ക് സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ടെന്നും രാഷ്ട്രപതി പറഞ്ഞു. 25കോടി ജനങ്ങൾ ദാരിദ്ര്യത്തിൽ നിന്ന് മുക്തി നേടി. മുടങ്ങിക്കിടക്കുന്ന പദ്ധതികൾ വേഗത്തിലാക്കാനും സർക്കാർ പദ്ധതികളുടെ ആനുകൂല്യങ്ങൾ എല്ലാ ഗുണഭോക്താക്കൾക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും ആരംഭിച്ച പ്രഗതി സംരംഭം സുപ്രധാന നാഴികക്കല്ലാണെന്നും രാഷ്ട്രപതി അഭിപ്രായപ്പെട്ടു.

(വോയിസ്)

രാജ്യത്തെ ഭക്ഷ്യധാന്യ ഉൽപ്പാദനം ഏകദേശം 350 ദശലക്ഷം ടൺ എന്ന ചരിത്രപരമായി നേട്ടം രേഖപ്പെടുത്തി. ലോകത്തിലെ ഏറ്റവും വലിയ അരി ഉൽപ്പാദക രാജ്യവും രണ്ടാമത്തെ വലിയ മത്സ്യ ഉൽപ്പാദന രാജ്യവുമാണ് ഇന്ത്യ. സാമ്പത്തിക സർവേ നാളെ സമർപ്പിക്കും. വരും വർഷങ്ങളിൽ, രാജ്യം സ്വന്തമായി ബഹിരാകാശ നിലയം സ്ഥാപിക്കുമെന്നും ഇന്ത്യൻ ബഹിരാകാശയാത്രികൻ ശുഭാൻഷു ശുക്ലയുടെ അന്താരാഷ്ട്ര

RNU TVPM

ബഹിരാകാശ നിലയ സന്ദർശനം ചരിത്ര യാത്രയുടെ തുടക്കം കുറിച്ചതായും രാഷ്ട്രപതി പറഞ്ഞു. ഫെബ്രുവരി ഒന്നിനാണ് കേന്ദ്ര ബജറ്റ്. ഇന്ന് മുതൽ അടുത്ത മാസം 13 വരെയും , മാർച്ച് 9 മുതൽ ഏപ്രിൽ 2 വരെയും 2 ഘട്ടങ്ങളിലായി 30 ദിവസമാണ് സഭ ചേരുക.

&&&&&&&&&&&&&&

## വിമാനാപകടം - അജിത് പവാർ

മഹാരാഷ്ട്രയിലെ ബാരാമതിയിൽ ഇന്ന് രാവിലെ ഉണ്ടായ വിമാനാപകടത്തിൽ മഹാരാഷ്ട്ര ഉപമുഖ്യമന്ത്രിയും എൻ സി പിയുടെ മുതിർന്ന നേതാവുമായ അജിത് പവാർ മരണമടഞ്ഞു. അജിത് പവാർ ഉൾപ്പെടെ വിമാനത്തിലുണ്ടായിരുന്ന 5 പേരും മരിച്ചതായാണ് റിപ്പോർട്ട്. മുംബൈയിൽ നിന്ന് പൂനെയിലെ ബാരാമതിയിലേക്ക് പോകുകയായിരുന്ന സ്വകാര്യ വിമാനമാണ് അപകടത്തിൽപ്പെട്ടത്. ലാൻഡിംഗിനിടെയുണ്ടായ സാങ്കേതിക തകരാറാണ് അപകടത്തിന് കാരണമെന്നാണ് പ്രാഥമിക വിവരം.

&&&&&&&&&&&&&&

RNU TVPM

## അനുശോചനം - അജിത് പവാർ

മഹാരാഷ്ട്ര ഉപമുഖ്യമന്ത്രിയും മുതിർന്ന എൻ സി പി നേതാവുമായ അജിത് പവാറിന്റെ അപ്രതീക്ഷിത വിയോഗത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു, പ്രധാനമന്ത്രി നരേന്ദ്രമോദി, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് തുടങ്ങിയവർ അനുശോചനം രേഖപ്പെടുത്തി. മഹാരാഷ്ട്രയുടെ വികസനത്തിനായി അജിത് പവാർ നടത്തിയ പ്രവർത്തനങ്ങൾ എക്കാലവും ഓർമിക്കപ്പെടുമെന്ന് രാഷ്ട്രപതി അനുസ്മരിച്ചു. അജിത് പവാറിൻറെ നിര്യാണത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറും മുഖ്യമന്ത്രി പിണറായി വിജയനും കേരള നിയമസഭയും അനുശോചനം രേഖപ്പെടുത്തി.

&&&&&&&&&&&&&&

## നിയമസഭ - അടിയന്തര പ്രമേയം

നിയമസഭയിൽ പ്രതിപക്ഷത്തിന്റെ അടിയന്തര പ്രമേയത്തിന്മേൽ ചർച്ച പുരോഗമിക്കുന്നു. വിളപ്പിൽശാല ആശുപത്രിയിൽ ചികിത്സ കിട്ടാതെ രോഗി മരിച്ച സംഭവം സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷത്ത് നിന്ന് പി സി വിഷ്ണു നാഥ് ആണ് അടിയന്തര പ്രമേയ നോട്ടീസ് നൽകിയത്. ഉച്ചക്ക് 12 മണി മുതൽ രണ്ട് മണിക്കൂർ ആണ് ചർച്ച. വിഷയത്തിൽ ചർച്ച നടത്താൻ തയ്യാറാണെന്ന് മന്ത്രി വീണാ ജോർജ് സഭയെ അറിയിക്കുകയായിരുന്നു.

**&&&&&&&&&&&&&**

## അസംബ്ലി

നിയമസഭയിൽ ഇന്ന് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൻമേലുളള നന്ദി പ്രമേയത്തിൽ ചർച്ച തുടരും. നാളെ ധനമന്ത്രി കെ.എൻ ബാലഗോപാൽ 2026-27 സാമ്പത്തിക വർഷത്തേയ്ക്കുള്ള സംസ്ഥാന ബജറ്റ് അവതരിപ്പിക്കും. തിങ്കളാഴ്ച മുതൽ ബജറ്റിൻമേലുള്ള പൊതു ചർച്ച ആരംഭിക്കും.

**&&&&&&&&&&&&&**

## പി. രാജീവ് (ഇൻട്രോ)

ലോക സാമ്പത്തിക ഫോറത്തിൽ 1 ലക്ഷത്തി 18,000 കോടി രൂപയുടെ താത്പര്യപത്രം ഒപ്പുവച്ചതായി മന്ത്രി പി.രാജീവ്. നിയമസഭയിൽ ചോദ്യോത്തര വേളയിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. ലോകത്തിലെ ഏറ്റവും വലിയ ആഗോള ശേഷി കേന്ദ്ര നിർമാതാക്കളായ എ. എൻ. എസ് ആർ തിരുവനന്തപുരത്തും, കൊച്ചിയിലും കോഴിക്കോടും ഗ്ലോബൽ സിറ്റി നിർമ്മിക്കാനുള്ള താത്പര്യ പത്രവും ഒപ്പു വച്ചു. ഇതിലൂടെ സംസ്ഥാനത്തെ ചെറുപ്പക്കാർക്ക് സ്വന്തം നാട്ടിൽ തന്നെ ജോലി ലഭിക്കാൻ സാധിക്കുമെന്നും മന്ത്രി പറഞ്ഞു.

(വോയിസ്)

**&&&&&&&&&&&&&**

RNU TVPM

## <u>മന്ത്രി വി.എൻ വാസവൻ</u>

കോവളം, വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കേന്ദ്രീകൃത ചരക്ക് ഗതാഗതത്തിന് രൂപം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നതായി മന്ത്രി വി.എൻ.വാസവൻ നിയമസഭയിൽ പറഞ്ഞു. വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് ലോജിസ്റ്റിക് പാർക്ക് നിർമിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നതായും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&

## <u>ഇന്ത്യ - യൂറോപ്പ്</u>

ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള ചരിത്രപരമായ ബന്ധത്തിന് സുപ്രധാന നാഴികക്കല്ലായ സ്വതന്ത്ര വ്യാപാര കരാറിൽ ഇരുപക്ഷവും ഒപ്പുവെച്ചു. സ്വതന്ത്ര വ്യാപാര കരാറിലൂടെ, ഇന്ത്യയിൽ തൊഴിൽ പ്രാധാന്യമുള്ള മേഖലകൾക്ക് യൂറോപ്യൻ വിപണികൾ, തുറക്കും. കരാർ, ഇന്ത്യൻ വ്യവസായത്തിന് വലിയതോതിൽ ഗുണചെയ്യുമെന്ന് വ്യവസായ സംഘടനകൾ അഭിപ്രായപ്പെട്ടു.

PRD TVPM

&&&&&&&&&&&&&

## <u>PRAGATI SPECIAL STORY (INTRO)</u>

രാജ്യത്ത് സമയബന്ധിതമായ പദ്ധതിനിർവഹണം ഉറപ്പാക്കുന്നതിന് 2015-ൽ പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കം കുറിച്ച പ്രഗതി സംരംഭം 50-ാമത് അവലോകന യോഗമെന്ന സുപ്രധാന നാഴികക്കല്ല് പിന്നിട്ടു. ഉത്തർപ്രദേശിലെ ചക്കേരി - അലഹബാദ് ദേശീയപാത വികസന പദ്ധതിയുടെ വിജയം പ്രഗതി സംരംഭത്തിന്റെ ഫലപ്രാപ്തിയുടെ മികച്ച ഉദാഹരണങ്ങളിൽ ഒന്നാണ്.

ഒരു റിപ്പോർട്ട്.... (വോയ്സ്)

&&&&&&&&&&&&&

## <u>ലോക കേരളസഭ</u>

ലോക കേരളസഭയുടെ അഞ്ചാം സമ്മേളനം നാളെ മുതൽ ഞായറാഴ്ച വരെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുമെന്ന്

സ്പീക്കർ AN ഷംസീർ. സ്റ്റുഡന്റ് മൈഗ്രേഷൻ പോർട്ടൽ, ലോക കേരളം ഓൺലൈൻ സേവനങ്ങൾ എന്നിവ മുഖ്യമന്ത്രി പിണറായി വിജയൻ സഭയിൽ ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&

**രാഹുൽ - മാങ്കൂട്ടം**

രാഹുൽ മാങ്കൂട്ടത്തിൽ എം.എൽ.എയ്ക്കെതിരെയുള്ള മൂന്നാം പീഡനകേസിൽ പത്തനംതിട്ട ജില്ല സെഷൻസ് കോടതി ജാമ്യം അനുവദിച്ചു. ഉഭയസമ്മദപ്രകാരമുള്ള ബന്ധം, ചട്ടവിരുദ്ധമായ അറസ്റ്റ് തുടങ്ങിയവ പരിഗണിച്ചാണ് ജാമ്യം അനുവദിച്ചത്. 18ദിവസങ്ങൾക്ക് ശേഷമാണ് ജാമ്യം അനുവദിച്ചത്. അതേസമയം രാഹുൽ മാങ്കൂട്ടത്തിലിനെതിരെ ചുമത്തിയ ആദ്യ ബലാത്സംഗ കേസിലെ മുൻകൂർ ജാമ്യാപേക്ഷ ഇന്ന് ഹൈക്കോടതി പരിഗണിക്കും.

&&&&&&&&&&&&&

**ലാലാ ലജ്പത് റായി- ജന്മവാർഷികം**

സ്വാതന്ത്ര്യസമര സേനാനി ലാലാ ലജ്പത് റായിയുടെ ജന്മവാർഷികത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായും ശ്രദ്ധാഞ്ജലി അർപ്പിച്ചു. ലാലാ ലജ്പത് റായിയെ മാതൃഭൂമിയുടെ അമരപുത്രൻ എന്ന് വിശേഷിപ്പിച്ച പ്രധാനമന്ത്രി, രാജ്യത്തെ അടിമത്തത്തിൽ നിന്ന് മോചിപ്പിക്കാനായി അദ്ദേഹം സർവ്വസ്വവും സമർപ്പിച്ചുവെന്ന് അനുസ്മരിച്ചു.

RNU TVPM

&&&&&&&&&&&&&

**എസ് ഐ ആർ**

SIR ൻ്റെ വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തിയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. ജില്ലാ കളക്ടർമാരുമാരുമായും ERO മാരുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി. രാഷ്ട്രീയ പാർട്ടികൾ നിയമിച്ച ബൂത്ത് തല ഏജൻറ്മാരുടെയും അവർ സമർപ്പിക്കുന്ന ഫോമുകളുടെയും

കൃത്യമായ എണ്ണം ലഭ്യമാക്കാൻ ERO മാർക്കും ഇലക്ഷൻ ഡെപ്യൂട്ടി കളകട്ർമാർക്കും കർശന നിർദ്ദേശം നൽകി.

&&&&&&&&&&&&&

## ശബരിമല - സ്വർണ അപഹരണ കേസിൽ തന്ത്രി

ശബരിമല സ്വർണ അപഹരണ കേസിൽ തന്ത്രി കണ്ഠര് രാജീവരുടെ ജാമ്യഹർജി പരിഗണിക്കുന്നത് തിങ്കളാഴ്ചത്തേക്ക് മാറ്റി. തന്ത്രിക്ക് വേണ്ടി മുതിർന്ന അഭിഭാഷകൻ ബി. രാമൻപിള്ള വീഡിയോ കോൺഫറൻസിലൂടെ ഹാജരായി. ജാമ്യഹർജിയിൽ കൊല്ലം വിജിലൻസ് കോടതി തിങ്കളാഴ്ച വാദം കേൾക്കും.

&&&&&&&&&&&&&

## സന്തോഷ് ട്രോഫി

സന്തോഷ് ട്രോഫി ഫുട്ബോളിൽ ഗ്രൂപ്പ് തല മത്സരത്തിൽ നാളെ കേരളം മേഘാലയ യെ നേരിടും. ഉച്ച തിരിഞ്ഞു 2 മണിക്കാണ് മത്സരം . ഗ്രൂപ് ബീയിൽ 7 പൊയിന്റുമായി കേരളമാണ് മുന്നിൽ .

&&&&&&&&&&&&&

## അണ്ടർ-19 ലോകകപ്പ് ക്രിക്കറ്റ്

അണ്ടർ-19 പുരുഷ ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഓസ്ട്രേലിയ വെസ്റ്റ് ഇൻഡീസ് മത്സരം അല്പസമയത്തിനകം ആരംഭിക്കും. ഇന്നലെ നടന്ന മത്സരത്തിൽ ആതിഥേയരായ സിംബാബ്‌വെയെ പരാജയപ്പെടുത്തി ഇന്ത്യ ഗ്രൂപ്പ് 2 പോയിന്റ് പട്ടികയിൽ ഒന്നാമതെത്തി. ഞായറാഴ്ച നടക്കുന്ന അടുത്ത മത്സരത്തിൽ ഇന്ത്യ പാകിസ്ഥാനെ നേരിടും.

PNU TVPM

&&&&&&&&&&&&&
&&&&&&&&&&&
&&&&&&&&&